പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1465

21.03.2012-ൽ മറുപടിയ്ക്ക്

# പഞ്ചായത്ത് ഓഫീസ് സമുച്ചയം പണിയാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. എ. മാധവൻ | | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി) |
| എ. മണലൂർ നിയോജക മണ്ഡലത്തിലെ ചൊവ്വന്നൂർ ബ്ലോക്കിലെ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിലെ കണ്ടാണശ്ശേരി വി.ഇ.ഒ. ഓഫീസ് കെട്ടിടം പൊളിച്ച് വി.ഇ.ഒ. ഓഫീസ് ഉൾപ്പെടെയുള്ള പഞ്ചായത്ത് ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിന് അനുമതിയ്ക്കായി അപേക്ഷ നൽകിയിരുന്നോ; | എ. & ബി. | പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിട സമുച്ചയം പണിയുന്നതിനുള്ള അപേക്ഷ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം സഹിതം ഗ്രാമവികസന കമ്മീഷണറിൽ നിന്നും 05-02-12-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |
| ബി. എങ്കിൽ എന്നാണ് അപേക്ഷ നൽകിയത്; | | |
| സി. ചൊവ്വന്നൂർ ബ്ലോക്ക് അംഗീകരിച്ച 2011-12 വർഷത്തിലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണോ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതിയ്ക്കായി അപേക്ഷിച്ചിരുന്നതെന്ന് അറിയിക്കാമോ ; | സി. | കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തിലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയ ' പഞ്ചായത്ത് ഓഫീസ് സമുച്ചയ നിർമ്മാണ 'ത്തിന്റെ ഭാഗമായാണ് അനുമതിക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. |
| ഡി. ഇപ്പോഴുള്ള വി.ഇ.ഒ. ഓഫീസ് കെട്ടിടം അപകടാവസ്ഥയിലാണെന്ന് എഞ്ചിനീയർ സർട്ടിഫിക്കറ്റ് നൽകിയിരുന്നോ ; | ഡി. | ഉണ്ട്. |
| ഇ. പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്നത് റവന്യൂ പുറമ്പോക്ക് ഭൂമിയിലാണെന്ന് ആളൂർ വില്ലേജ് ഓഫീസർ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ; | ഇ. | ഉണ്ട്. |

| | | | |
|---|---|---|---|
| എഫ്. | വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി വി.ഇ.ഒ. ഓഫീസുകൾ ബന്ധപ്പെട്ട പഞ്ചായത്തിന്റെ അധികാര പരിധിയിലാണോ ; | എഫ്. | വി.ഇ.ഒ. ഓഫീസ് പ്രവർത്തിച്ചിരുന്ന സ്ഥലവും കെട്ടിടവും ഗ്രാമവികസന വകുപ്പിന്റെ അധീനതയിലാണ്. |
| ജി. | അപകടാവസ്ഥയിൽ റവന്യൂ പുറമ്പോക്കിൽ നിൽക്കുന്നതും വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി പഞ്ചായത്തിന് കൈമാറിയതും, ബ്ലോക്ക് പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകരിച്ചതുമായ കെട്ടിട പുനർനിർമ്മാണത്തിന് സർക്കാർ അനുമതി ആവശ്യമുണ്ടോ ; | ജി. | റവന്യൂ പുറമ്പോക്കിൽഉൾപ്പെട്ടതും ഗ്രാമവികസന വകുപ്പിന്റെ അധീനതയിലുള്ളതുമായ ഭൂമിയിൽ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2011-12 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാനുദ്ദേശിക്കുന്ന പഞ്ചായത്ത് ഓഫീസ് കെട്ടിട സമുച്ചയ നിർമ്മാണത്തിന് സർക്കാർ അനുമതി ആവശ്യമാണ്. |
| എച്ച്. | എങ്കിൽ അനുമതി നൽകാനുള്ള കാലതാമസവും നിയമ തടസ്സവും വ്യക്തമാക്കുമോ; | എച്ച്. | അനുമതിയ്ക്കായുള്ള ശുപാർശ പരിശോധിച്ച് വരുന്നു. |
| ഐ. | ഇത്തരം ഫയലുകളിൽ തീരുമാനമെടുക്കാൻ ഗ്രാമവികസന വകുപ്പിലെ കാലതാമസത്തിന്റെ കാരണം അറിയിക്കാമോ ? | ഐ. | അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ലഭ്യമാകാതിരുന്നതാണ് കാലതാമസത്തിന് ഒരു കാരണം. കൂടാതെ തീരുമാനമെടുക്കുന്നതിലേയ്ക്ക് ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെ അഭിപ്രായം ആരായേണ്ടി വരുന്നതു മൂലവും കാലതാമസമുണ്ടാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.